പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2366 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതിദുർവിനിയോഗം തടയാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സുധാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനത്തിൽ കാലാവസ്ഥാവ്യതിയാനമനുസരിച്ച് ഏറ്റക്കുറച്ചിലുകൾ വരുകയും ഇതര സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വിലയ്ക്ക് വാങ്ങേണ്ടിവരുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുള്ളിൽ വൈദ്യുതിയുടെ ദുർവിനിയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

മറുപടി: സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിൽ സ്വയം മാതൃകയാകാൻ, പൊതുജനങ്ങളോട് വൈദ്യുതി ഉപയോഗം കുറയ്ക്കാൻ അഭ്യർഥിക്കുന്നതിനൊപ്പം തന്നെ സ്വയം നിയന്ത്രണം കൊണ്ടുവരണമെന്ന് കെ.എസ്.ഇ.ബി ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, കാര്യക്ഷമത കൂടിയ വൈദ്യുതോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ, വൈദ്യുതി മോഷണവും അനധികൃത ഉപയോഗവും കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടത്തുക, കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക എന്നീ നടപടികളാണ് വൈദ്യുതി ദുർവിനിയോഗം തടയാൻ സ്വീകരിച്ചുവരുന്നത്. കൂടാതെ സ്ട്രീറ്റ് ലൈറ്റുകൾ പകൽ സമയം കത്തിക്കിടക്കുന്നത് ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളറുകൾ സ്ഥാപിച്ചുവരുന്നു. ഇതിനുപുറമേ വൈദ്യുതിയുടെ ദുർവിനിയോഗം തടയാൻ സെക്ഷൻ/ഡിവിഷൻതലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് എല്ലാമാസവും ഇൻസ്പെക്ഷനുകൾ നടത്താറുണ്ട്. എ.പി.റ്റി.എസ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഉപഭോക്താക്കളുടെ പ്രിമിസസ്സ് പരിശോധിച്ചും സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകൾ നടത്തിയും വൈദ്യുതി ദുർവിനിയോഗം കണ്ടെത്താറുണ്ട്.

(ബി) ഏതെല്ലാം തരത്തിലുള്ള വൈദ്യുതി ദുർവിനിയോഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

മറുപടി: വൈദ്യുതി മോഷണം, അനധികൃത കണക്ടഡ് ലോഡ്, കൃത്യമായ താരിഫ് ഉപയോഗിക്കാതിരിക്കൽ എന്നിവ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുകയും ബോധവത്ക്കരണം നടത്തുകയും ചെയ്തുവരുന്നു.

എ.പി.റ്റി.എസ്സ് (വൈദ്യുതി മോഷണം കണ്ടെത്തുന്നതിനുള്ള സ്ക്വാഡ്), വിഭാഗം സാധാരണയായി കണ്ടെത്താറുള്ള വൈദ്യുതി ദുർവിനിയോഗങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. താരിഫ് ദുർവിനിയോഗം
2. വൈദ്യുതി മോഷണം
3. അനധികൃതമായി അധിക ലോഡ് ഉപയോഗിക്കുക
4. അനധികൃത ലൈൻ ദീർഘിപ്പിക്കൽ

മേൽ പരാമർശിച്ച കണ്ടെത്തലുകളിൽ സൈറ്റ് മഹസർ തയ്യാറാക്കി വൈദ്യുതി നിയമം 2003 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) കടകളിലും വ്യാപാരസ്ഥാപനങ്ങളിലും തെരുവുകളിലും മറ്റ് സ്ഥാപനങ്ങളിലും വൈദ്യുതി വിളക്കുകളുടെ പ്രളയം സൃഷ്ടിച്ച് ആവശ്യത്തിന് വേണ്ടതിനും രണ്ടും മൂന്നും ഇരട്ടി പ്രകാശം സൃഷ്ടിക്കുന്ന നടപടികൾ KSEB ഉദ്യോഗസ്ഥർ പരിശോധിച്ച് തടയുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മറുപടി:</u> കടകളിലും സ്ഥാപനങ്ങളിലും അലങ്കാര വിളക്കുകളും ആഡംബര ലൈറ്റുകളും അനാവശ്യമായി പ്രകാശിപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ KSEBL ശ്രമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ